ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM

DATE:13.10.2025

# പ്രധാനവാർത്തകൾ

1. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിലെ പുരോഗതിയിൽ നവോത്ഥാന പ്രസ്ഥാനം വഹിച്ച പങ്ക് വളരെ വലുതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
2. ഇന്ത്യയുടെ വികസന യാത്രയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ശക്തമാക്കാൻ ലക്ഷ്യമിട്ടുള്ള വികസിത് ഭാരത് ബിൽഡത്തോൺ 2025-ന് തുടക്കമായി.
3. എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ച് കൊണ്ടുള്ള പൊതു വികസന മാതൃകയാണ് കേരളത്തിൽ നടപ്പാക്കുന്നതെന്ന് മന്ത്രി കെ.എൻ.ബാലഗോപാൽ.
4. മുനമ്പം വഖഫ് ഭൂമി വിഷയത്തിൽ, ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ ശുപാർശകൾ ചർച്ച ചെയ്യാൻ, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് യോഗം ചേരും.
5. തിരുവനന്തപുരത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് വീണ്ടും മരണം; സംസ്ഥാനത്ത് ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്; കണ്ണൂരും പാലക്കാടും രണ്ടുപേർക്ക് പുതുതായി രോഗം സ്ഥിരീകരിച്ചു.
6. ഗാസയിൽ ഹമാസ് ബന്ദികളാക്കിയ ഇസ്രയേലി തടവുകാരെ മോചിപ്പിച്ചു തുടങ്ങി; മോചനം രണ്ട് വർഷത്തിന് ശേഷം.

&&&&&&&&&&&&&&&&

RNU TVPM

## മുഖ്യമന്ത്രി (ഇൻട്രോ)

സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിലെ പുരോഗതിയിൽ നവോത്ഥാന പ്രസ്ഥാനവും നവോത്ഥാന നായകരും വഹിച്ച പങ്ക് വലുതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാവി വികസന ലക്ഷ്യങ്ങൾ സംസ്ഥനതല സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. പൊതുവിദ്യാഭ്യാസ മേഖലയിൽ എന്തെങ്കിലും വിടവുകളുണ്ടെങ്കിൽ അത് പരിഹരിച്ച് മുന്നോട്ട് പോകണമെന്നും മുഖ്യമന്ത്രി പറഞ്ഞു. **(ഹോൾഡ് വോയ്സ്.........)**

**&&&&&&&&&&&&&&&&&&&&&&&&**

## വികസിത് ഭാരത് ബിൽഡത്തോൺ

RNUT VPM

ഇന്ത്യയുടെ വികസന യാത്രയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ശക്തമാക്കാൻ ലക്ഷ്യമിട്ടുള്ള വികസിത് **ഭാരത് ബിൽഡത്തോൺ 2025-ന്** തുടക്കമായി. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയാണ് രാജ്യവ്യാപകമായി ഇന്ന് എല്ലാ സ്കൂളുകളിലും തത്സമയ ബിൽഡത്തോൺ നടക്കുന്നത്. സ്കൂളുകൾക്ക് ഈ മാസം 14 മുതൽ 31 വരെ എൻട്രികൾ സമർപ്പിക്കാം.

**&&&&&&&&&&&&&&&&&&&&&&&&**

## മുനമ്പം- മുഖ്യമന്ത്രി

മുനമ്പം വഖഫ് ഭൂമി വിഷയത്തിൽ, ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ ശുപാർശകളിലെ തുടർനടപടി ചർച്ച ചെയ്യാൻ, മുഖ്യമന്ത്രി വിളിച്ച യോഗം ഇന്ന് നടക്കും. ഹൈക്കോടതി ഉത്തരവിൻറെ അടിസ്ഥാനത്തിൽ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കാനുള്ള തുടർ നടപടികളാണ് ചർച്ച ചെയ്യുക.

&&&&&&&&&&&&&&&&&&&&&&&&&

## എം ബി രാജേഷ് (ഇൻട്രോ)

ഖരമാലിന്യ സംസ്കരണത്തിൻറെ കാര്യത്തിൽ കൈവരിച്ച നേട്ടങ്ങൾ സുസ്ഥിരമാക്കി 2031 ഓടെ പൂർണമായ ദ്രവമാലിന്യം, ശുചിമുറി മാലിന്യ സംസ്കരണം എന്നിവയാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി എംബി രാജേഷ്. "വിഷൻ 2031" - തദേശ സ്വയംഭരണ വകുപ്പിൻറെ സംസ്ഥാനതല സെമിനാർ പാലക്കാട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

(ഹോൾഡ് വോയ്സ്..........)

കാലാനുസൃതമായ വെല്ലുവിളി നേരിടാൻ തദ്ദേശ സ്ഥാപനങ്ങളെ പ്രാപ്തരാക്കേണ്ടതുണ്ടെന്നും അതിനായി സമഗ്ര പരിഷ്കരണം ആവശ്യമാണെന്നും മന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&

## കെ.എൻ.ബാലഗോപാൽ

ആരെയും മാറ്റി നിർത്താതെ ഉള്ള പൊതു വികസന മാതൃകയാണ് കേരളത്തിൽ ഉള്ളതെന്ന് മന്ത്രി കെ.എൻ.ബാലഗോപാൽ. വിഷൻ 2031- ധനകാര്യ വകുപ്പ്: നേട്ടങ്ങളും ഭാവികാഴ്ചപ്പാടുകളും സെമിനാർ കൊച്ചിയിൽ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൻറെ വികസനത്തിനായി കൂട്ടായി മുന്നോട്ട് പോകേണ്ടതുണ്ടെന്നും വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമായതിലൂടെ കേരളത്തിൻറെ ആകെ വികസനം സാധ്യമായതായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&

## അമീബിക് മസ്തിഷ്ക ജ്വരം

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് വീണ്ടും ഒരാൾ

കൂടി മരിച്ചു. കൊല്ലം സ്വദേശിയായ പുരുഷനാണ് മരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. ഇതോടെ മരിച്ചവരുടെ എണ്ണം 24 ആയി. അമീബിക് മസ്തിഷ്ക്ക ജ്വരം വർദ്ധിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ജാഗ്രത കർശനമാക്കി. കെട്ടിക്കിടക്കുന്ന ജലാശയങ്ങളിൽ കുളിക്കുന്നത് ഒഴിവാക്കണമെന്ന് നിർദ്ദേശമുണ്ട്. കണ്ണൂർ ജില്ലയിൽ മൂന്നര വയസുകാരനും, പാലക്കാട് 62 കാരനും പുതിയതായി രോഗം സ്ഥിരീകരിച്ചു. ഇരുവരും കോഴിക്കോട്, തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ചികിത്സയിലാണ്. അതേസമയം, ഇന്നലെ രോഗം ബാധിച്ച് ഒരാൾ കൂടി മരിച്ചിരുന്നു.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&

## സി.പി.ആർ (ഇൻട്രോ)

അടിയന്തിര ജീവൻ രക്ഷ മാർഗമായ കാർഡിയോ - പൾമണറി റെസസിറ്റേഷൻ അഥവാ CPR റിന്റെ പ്രാധന്യത്തെ പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഇന്നു മുതൽ ഈ മാസം 17 വരെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം രാജ്യവ്യാപകമായി സി പി ആർ അവബോധ വാരം ആചരിക്കുന്നു. CPR നൽകുന്നതിന് പൊതുജനങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകി അവരെ സജ്ജരാക്കുക, ഇതുമായി ബന്ധപ്പെട്ട അവബോധം നൽകുക തുടങ്ങിയവയാണ് വാരാചരണത്തിന്റെ ലക്ഷ്യം. ഹൃദയസ്തംഭനം അല്ലെങ്കിൽ പെട്ടെന്ന് ബോധക്ഷയം സംഭവിക്കുന്ന വ്യക്തികളിൽ നടത്തുന്ന ഒരു അടിയന്തര നടപടിക്രമമാണ് CPR. യഥാസമയം, സി പി ആർ ലഭിക്കുകയാണെങ്കിൽ ജീവൻ നിലനിർത്താൻ

സാധിക്കുമെന്ന് കോട്ടയം മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ അസോസിയേറ്റ് **പ്രൊഫ.ഡോ.സ്യൂ ആൻ സക്കറിയ ആകാശവാണി വാർത്തകളോട് പറഞ്ഞു.**

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&

## പി.രാജീവ് - കോൺക്ലേവ്

സംസ്ഥാനത്തെ വനിതാ സംരംഭകർക്കായി തൃശൂരിൽ ഇന്ന് സംരംഭക കോൺക്ലേവ് സംഘടിപ്പിക്കും. നിലവിലെ സംരംഭങ്ങളെ ആഗോള തലത്തിലേക്ക് ഉയർത്താൻ ശ്രമിക്കുന്നവർക്ക് സഹായം ഉറപ്പുവരുത്തുന്നതിനും സംരംഭം തുടങ്ങുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനുമാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നതെന്ന് മന്ത്രി പി രാജീവ് ഫേസ്ബുക്കിൽ കുറിച്ചു. ഒരു ലക്ഷത്തിലധികം വനിതകളാണ് സംരംഭക വർഷം പദ്ധതിയിലൂടെ ചെറുതും വലുതുമായ സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&

## ബിഹാർ നിയമസഭ തിരഞ്ഞെടുപ്പ്

ബിഹാർ നിയമസഭ തിരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ട തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. 20 ജില്ലകളിലെ 122 നിയമസഭാ മണ്ഡലങ്ങളിലെ നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന് ഇതോടെ തുടക്കമാകും. ഈ മാസം 20 വരെ പത്രിക സമർപ്പിക്കാം. പത്രികകളുടെ സൂക്ഷ്മ പരിശോധന 21 ന് നടക്കും. 23 വരെ പത്രികകൾ പിൻവലിക്കാം. ഈ ഘട്ടത്തിലേക്കുള്ള തിരഞ്ഞെടുപ്പ് നവംബർ 11 ന് നടക്കും, ആദ്യ ഘട്ടം നവംബർ ആറിനാണ്. 14 നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&&&&&&&&

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലാ വെറ്ററിനറി കേന്ദ്രത്തിന്റെ ഒരു വർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കമായി. മന്ത്രി ജെ.ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. കേന്ദ്രവുമായി ചേർന്ന് നടപ്പാക്കുന്ന സമഗ്ര ഇൻഷൂറൻസ് പദ്ധതി ആരംഭിച്ചുവെന്നും കേന്ദ്രത്തിൽ നിന്നുള ആദ്യ ഗഡു ലഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു

വിശദാംശങ്ങളുമായി ആകാശവാണി **കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ....**

**(വോയിസ്)**

&&&&&&&&&&&&&&&&&&&&&&&&

## ഇസ്രായേൽ

ഗാസയിൽ ഹമാസ് ബന്ദികളാക്കിയ ഇസ്രയേലി തടവുകാരെ മോചിപ്പിച്ചു തുടങ്ങി. ആദ്യഘട്ടത്തിൽ 7 പേരെ ഹമാസ് റെഡ് ക്രോസിന് കൈമാറി.ബന്ദികളെ റെഡ് ക്രോസ് ഇസ്രായേൽ സൈന്യത്തിന് കൈമാറും. 737 ദിവസങ്ങൾക്ക് ശേഷമാണ് ബന്ദികളുടെ മോചനം. ഇസ്രയേൽ ജയിലുകളിൽ കഴിയുന്ന 250 പലസ്തീൻ തടവുകാരെയും ഉടൻ കൈമാറും.

&&&&&&&&&&&&&&&&&&&&&&&&

## ശബരിമല - പരിശോധന

സ്വർണപാളി വിവാദത്തെ തുടർന്ന് ശബരിമല സന്നിധാനത്ത് ഹൈക്കോടതി നിയോഗിച്ച അമിക്കസ്ക്യൂരിയുടെ പരിശോധന ഇന്നും തുടരും. ഇന്നലെ രാവിലെ 9.30 ന് ആരംഭിച്ച പരിശോധന

RNU TVPM

വൈകുന്നേരം 6.30 വരെ തുടർന്നു. ശബരിമലയിലെ താത്ക്കാലിക സ്ട്രോങ് റൂമിൽ ഉള്ള വിലപിടിപ്പുള്ള വസ്തുക്കൾ തരംതിരിച്ച് പട്ടിക തയ്യാറാക്കുന്ന ജോലികളാണ് റിട്ടേർഡ് ജസ്റ്റിസ് കെ.ടി ശങ്കരൻ്റെ നേതൃത്വത്തിൽ നടന്നത്.

&&&&&&&&&&&&&&&&&&&&&&&&

## <u>മഴ (ഇൻട്രോ)</u>

സംസ്ഥാനത്തെ നാലു ജില്ലകളിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴ പ്രവചിച്ചു കൊണ്ട് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കൂടുതൽ വിവരങ്ങളുമായി **ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

**(വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&&&&&&&&&

## <u>താനൂർ ബോട്ടപകടം</u>

2023 മെയ് ഏഴിന് ഉണ്ടായ താനൂർ ബോട്ട് അപകടത്തെ കുറിച്ച് അന്വേഷിക്കുന്ന ജസ്റ്റിസ് വി.കെ മോഹൻ കമ്മീഷൻ നാളെ കണ്ണൂരിൽ ഹിയറിങ് നടത്തും. കണ്ണൂർ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ രാവിലെ 11 മണിക്കാണ് ഹിയറിങ്. പൊതുജനങ്ങൾക്ക് വാക്കാലോ രേഖാമൂലമോ ഹീയറിങ്ങിൽ കമ്മീഷനു മുൻപാകെ ബോധിപ്പിക്കാൻ അവസരമുണ്ടാകും.

&&&&&&&&&&&&&&&&&&&&&&&&

<u>ഓഹരി - സ്വർണം</u>

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 308 പോയിൻറ് നഷ്ടത്തിൽ 82,193 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 97 പോയിൻറ് നഷ്ടത്തിൽ 25,188 ലും വ്യാപാരം തുടരുന്നു.

സ്വർണവില കൂടി. പവന് 270 രൂപ വർദ്ധിച്ച് 91,960 രൂപയും ഗ്രാമിന് 11,495 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&

RNU TVPM